# ദൈവരാജ്യം

**കോതമംഗലം രൂപതാ ബുള്ളറ്റിൻ**

ഫെബ്രുവരി 2025 വാല്യം 64 ലക്കം 02

Season of Epiphany (Denha)




**മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ജറുസലെമിലേക്കു കൊണ്ടുപോയി.**

**ലൂക്കാ 2 : 22**



മതാന്തര സംവാദത്തിനുള്ള വത്തിക്കാൻ
ഡിക്കാസ്ട്രിയുടെ പ്രീഫെക്റ്റായി
നിയമിതനായ കർദ്ദിനാൾ മാർ ജോർജ്
കൂവക്കാടിന് കോതമംഗലം രൂപതയുടെ
പ്രാർഥനാശംസകൾ



ദൈവസന്നിധിയിൽ 43 വർഷങ്ങൾ

# മാർ മാത്യു പോത്തനാമൂഴി

അനുസ്മരണ ദിനം

ഫെബ്രുവരി 6



ഈശോയുടെ മനുഷ്യാവതാരത്തിന്റെ
ജൂബിലി വർഷം 2025 രൂപതാതല
ഉദ്ഘാടനം അഭിവന്ദ്യ പിതാവ്
നിർവഹിക്കുന്നു.



# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ഫെബ്രുവരി 2025 വാല്യം 64 ലക്കം 2



## ഉള്ളടക്കം


7 പ്രത്യാശയുടെ തീർത്ഥാടർ
11 മദ്യവിരുദ്ധ സമിതി സർക്കുലർ
13 തിരുബാലസഖ്യദിനം സർക്കുലർ
18 രൂപതക്കച്ചേരി
23 ഒഡീഷ മിഷൻ
24 മൈനർ സെമിനാരി
25 വിജ്ഞാനഭവൻ
28 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
31 നിർമ്മല സിവിൽ സർവീസ് അക്കാദമി
32 സോഷ്യൽ സർവീസ്
33 ചെറുപുഷ്പ മിഷൻലീഗ്
34 കെ. സി. എസ്. എൽ.
35 ഫാമിലി അപ്പോസ്റ്റലേറ്റ്
36 പ്രോ – ലൈഫ്
36 പിതൃവേദി
36 മാതൃവേദി
37 യൂദിത്ത് മിനിസ്ട്രി
38 മദ്യവിരുദ്ധസമിതി
39 ഡി. എഫ്. സി.
40 യുവദീപ്തി – K.C.Y.M.
41 ജീസസ് യൂത്ത്
42 അല്മായ ഫ്രാൻസിസ്കൻ സഭ
42 പ്രാർത്ഥനാഗ്രൂപ്പ്
43 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
45 കേരള ലേബർ മൂവ്മെന്റ്
45 നെസ്റ്റ് പ്രോഗ്രാം
46 രൂപതാദ്ധ്യക്ഷന്റെ ഡയറി
51 Bishop's Engagements
52 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
52 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

Page 7 സർക്കുലർ – പ്രത്യാശയുടെ തീർത്ഥാടകർ
Page 13 സർക്കുലർ – തിരുബാലസഖ്യദിനം
Page 18 അഖിലലോക രോഗീദിനം
Page 18 സകല മരിച്ചവരുടെയും ഓർമ്മതിരുനാൾ
Page 18 വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും
Page 19 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

## തിരുനാളുകൾ



02
നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം




23
വി. പൊളിക്കാർപ്പ്



04
വി. ജോൺ ബ്രിട്ടോ



25
വാ. സി. റാണി മരിയ



11
ലൂർദ്ദ് മാതാവ്



28
സകല മരിച്ചവരുടെയും ഓർമ്മ

## സർക്കുലർ

# പ്രത്യാശയുടെ തീർത്ഥാടകർ

ഈശോയിൽ പ്രിയപ്പെട്ടവരേ,

ദൈവാനുഭവത്തിന്റെ നവചൈതന്യത്തിലേക്ക് നമ്മെ നയിക്കാൻ ആഗ്രഹിച്ചുകൊണ്ട് തിരുസഭാമാതാവ് നൽകിയ പുതുവർഷ സമ്മാനമാണല്ലോ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ജൂബിലി വർഷ പ്രഖ്യാപനം. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' Spes non Confundit (റോമ 5:5) എന്ന തിരുവെഴുത്തിലൂടെയാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ജൂബിലി വർഷം പ്രഖ്യാപിച്ചത്. കത്തോലിക്കാസഭയിൽ ജൂബിലി അഥവാ വിശുദ്ധ വർഷം എന്നത്, മനുഷ്യർ ദൈവത്തോടും, മനുഷ്യർ തമ്മിലും, പ്രപഞ്ചത്തോടും ശരിയായ ബന്ധത്തിലേക്ക് കടന്നുവരാൻ ആഹ്വാനംചെയ്തുകൊണ്ടുള്ള, ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും പ്രത്യേക അവസരമാണ്.

'ജൂബിലി' എന്ന വാക്ക് ഉത്ഭവിച്ചിരിക്കുന്നത് 'യോബാൽ' എന്ന ഹീബ്രു പദത്തിൽ നിന്നാണ്. 'കൊമ്പ് വാദ്യം' അഥവാ 'കാഹളം' എന്നാണ് ഇതിന്റെ അർത്ഥം. ബൈബിൾ അനുസരിച്ച്, കാഹളം മുഴക്കിക്കൊണ്ടാണ് ജൂബിലി വർഷം ആരംഭിക്കുന്നത് (Cf. ലേവ്യ 25:9). അമ്പത് വർഷം കൂടുമ്പോൾ ജൂബിലി വർഷം ആചരിച്ചിരുന്നു. പ്രസ്തുത വർഷത്തിൽ ദേശവാസികളുടെ കടങ്ങൾ എഴുതി തള്ളുകയും, സ്വത്തുക്കൾ തിരികെ നൽകുകയും, മനുഷ്യർക്കും ഭൂമിക്കും വിശ്രമം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ജൂബിലി എന്നത് ഈശോമിശിഹായുടെ തന്നെ ദൗത്യത്തിന്റെ ഭാഗമായിട്ടാണ് സുവിശേഷകർ സാക്ഷ്യപ്പെടുത്തുന്നത്. നസ്രത്തിലെ സിനഗോഗിൽ വച്ച് ഈശോയ്ക്ക് വായിക്കാനായി നൽകപ്പെട്ട ഏശയ്യാ പ്രവചനത്തിന്റെ പ്രഘോഷണത്തിലൂടെ അവിടുന്ന് ഈ കാര്യം വ്യക്തമാക്കുന്നുണ്ട്. 'കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു' (ലൂക്കാ 4:18-19).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഈ ജൂബിലി വർഷത്തിൽ, ലോകത്തിൽ നമുക്ക് ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ നോക്കിക്കാണുവാൻ ഉദ്ബോധിപ്പിക്കുന്നുണ്ട്. 2024 ക്രിസ്തുമസ് രാവിൽ ആരംഭിച്ച് 2026 ജനുവരി 6 ന് സമാപിക്കുന്ന ഈ ജൂബിലി വർഷാചരണം വഴി, 2033-ൽ സമാഗതമാകുന്ന കർത്താവിന്റെ മഹാജൂബിലി വർഷത്തിലേക്ക് നാം അടുത്ത് ഒരുങ്ങുകയാണ്. അതിനാൽ ആത്മാക്കളുടെ രക്ഷയെ ലക്ഷ്യംവച്ചുള്ള പ്രത്യാശയുടെ സന്ദേശമാണ് 2025-ലെ ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് നൽകുന്നത്. ഒരു സ്ത്രീ താൻ ഗർഭിണിയാണെന്ന് അറിയുന്ന നിമിഷം മുതൽ, ജനിക്കാനിരിക്കുന്ന കുഞ്ഞിന്റെ രൂപവും, പ്രത്യേകതകളും പ്രത്യാശയോടെ സ്വപ്നം കാണുന്നതുപോലെ, ജീവിതത്തിൽ കർത്താവിനെ വീക്ഷിച്ചുകൊണ്ട് കാത്തിരിക്കുന്നതാണ് പ്രത്യാശയെന്ന പുണ്യമെന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മപ്പെടുത്തുന്നുണ്ട്. ജീവിക്കുന്നദൈവത്തിലും ദൈവിക വാഗ്ദാനങ്ങളിലും വിശ്വസിക്കുന്നവർക്കു മാത്രമേ സുവിശേഷത്തിൽ അടിസ്ഥാനമുറപ്പിച്ചുള്ള പ്രത്യാശ ഉണ്ടാവുകയുള്ളൂ എന്ന് മാർപാപ്പാ ഈ ജൂബിലിവർഷത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ക്രൈസ്തവ പ്രത്യാശ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജനിക്കുന്നത്. പ്രത്യാശയുടെ ഉയിർപ്പിലേക്ക് ഈശോമിശിഹായെ നയിച്ചത്, കുരിശിൽ കിടന്നുകൊണ്ട് അവിടുന്ന് നടത്തിയ ക്ഷമയുടെ പ്രാർത്ഥനയാണ്. ആയതിനാൽ, ജൂബിലിയുടെ അവസരത്തിൽ, ഇപ്രകാരം സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും ക്ഷമയുടെയും വക്താക്കളായി, പ്രത്യാശയോടെ ജീവിക്കുവാൻ ഈശോ നമ്മെ ക്ഷണിക്കുന്നു.

ഈ കാലഘട്ടത്തിൽ നാം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രതിസന്ധികളും വെല്ലുവിളികളും പ്രത്യാശയുടെ അടയാളങ്ങൾ എന്ന രീതിയിലാണ് ഫ്രാൻസീസ് മാർപാപ്പ കാണുന്നത്. ലോക സമാധാനവും ആത്മീയ ഉന്നമനവും, ജീവന്റെ സംരക്ഷണം, തടവറ പ്രേഷിതത്വം, രോഗികൾ, കുട്ടികളും യുവജനങ്ങളും, പ്രവാസികൾ, വൃദ്ധരായ സഹോദരങ്ങൾ, ദരിദ്രരും ഭവനരഹിതരും, ഉദാരതയുള്ള ധനികർ, പരിസ്ഥിതി സംരക്ഷണം എന്നിവയാണ് ഈ ജൂബിലി വർഷത്തിൽ നാം സവിശേഷ ശ്രദ്ധ കൊടുക്കേണ്ട 'പ്രത്യാശയുടെ അടയാളങ്ങൾ.'

മാർപാപ്പ ആഹ്വാനം ചെയ്യുന്ന ഈ പത്ത് മേഖലകളെ ഉൾച്ചേർത്ത് ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് സഭയുടെയും സമൂഹത്തിന്റെയും സമഗ്ര നവീകരണം ഈ ജൂബിലിവർഷാചരണത്തിന്റെ ലക്ഷ്യമായി തീരണം.

പരിശുദ്ധ പിതാവിന്റെ ഈ പ്രത്യാശയുടെ അടയാളങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടായിരിക്കും 2025 ജൂബിലി വർഷത്തിൽ നമ്മുടെ രൂപതയിലും കർമ്മപദ്ധതികൾ ക്രമീകരിക്കുന്നത്. മാർച്ച് മുതൽ ഡിസംബർ വരെയുള്ള പത്ത് മാസങ്ങളിലൂടെ നാം യാത്രചെയ്യുമ്പോൾ ഓരോ മാസവും ഓരോ മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ട് നമ്മുടെ വ്യക്തിപരവും കുടുംബപരവും സാമൂഹികവും സഭാത്മകവുമായ തലങ്ങളിൽ നവീകരണം സാധ്യമാക്കാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം.

ലോകസമാധാനവും ആത്മീയ ഉന്നമനവും ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മാർച്ച് മാസത്തിൽ നാം ഉദ്ദേശിക്കുന്നത്. ഇതിനോടനുബന്ധിച്ച് നമ്മുടെ രൂപതയിൽ നടപ്പിലാക്കാൻ സാധിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- ☆ നോമ്പുകാലത്ത് നമ്മുടെ ഇടവകകളിലെ എല്ലാ ഭവനങ്ങളും വെഞ്ചരിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
- ☆ ഏതെങ്കിലും കുടുംബങ്ങളിൽ കുടുംബാംഗങ്ങൾ തമ്മിൽ ശത്രുതയിൽ കഴിയുന്നുണ്ടെങ്കിൽ ഈ നോമ്പുകാലത്ത് അവർ രമ്യതപ്പെടുവാനും പെസഹായ്ക്കോ ഈസ്റ്ററിനോ കുടുംബാംഗങ്ങളെല്ലാവരും ഒത്തുചേരാനും ശ്രമിക്കുമല്ലോ. ബഹു. വികാരിയച്ചന്മാർ അത്തരം കുടുംബങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നത് ഉചിതമായിരിക്കും.
- ☆ രൂപതയിൽനിന്ന് നൽകുന്ന സമാധാന പ്രാർത്ഥന സന്ധ്യാപ്രാർത്ഥനയോടൊപ്പം എല്ലാ ഭവനങ്ങളിലും ചൊല്ലേണ്ടതാണ്.
- ☆ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ വി. ഫ്രാൻസീസ് അസീസ്സിയുടെ സമാധാന പ്രാർത്ഥനയുടെ ഗാനരൂപത്തിന്റെയും, ഷോർട്ട് ഫിലിമിന്റെയും മത്സരങ്ങൾ ഇടവക, മേഖല തലങ്ങളിൽ നടത്തുന്നത് ഉചിതമാണ്.

- ☆ നോമ്പ്, ഉപവാസം തുടങ്ങിയ സഭാപാരമ്പര്യങ്ങൾ കൃത്യമായി ആചരിക്കാനും അതു പിന്തുടരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാനും മാതാപിതാക്കൾ ശ്രദ്ധിക്കണം.
- ☆ നോമ്പുകാലത്ത് സൗകര്യപ്രദമായ ഒരു ദിവസം പ്രാർത്ഥനാദിനമായി എല്ലാ ഇടവകകളിലും ആചരിക്കേണ്ടതാണ്.
- ☆ ലോകസമാധാനത്തിനുവേണ്ടി യുവജനങ്ങൾ പ്രത്യേകം നൈറ്റ് വിജിലും, ബൈബിൾ പാരായണ ദിനവും ഇടവകകളിൽ നടത്തുന്നത് ഉചിതമാണ്.
- ☆ ജൂബിലി പ്രമാണിച്ച് നോമ്പുകാലത്ത് കുരിശിന്റെ വഴി പ്രയാണം നമ്മുടെ രൂപതയിലെ എല്ലാ ഭക്തസംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ആരക്കുഴ-മലേക്കുരിശിലേക്ക് നടത്തുന്നതാണ്.

ബഹുമാനപ്പെട്ട വൈദികരുടെയും, സന്യസ്തരുടെയും, ഭക്തസംഘടനകളുടെയും, വിശ്വാസപരിശീലകരുടെയും, നമ്മുടെ സ്ഥാപനങ്ങളുടെയും, സർവ്വോപരി സകല ദൈവജനത്തിന്റെയും ആത്മാർത്ഥമായ പ്രാർത്ഥനയും പങ്കാളിത്തവും ഇതിനാവശ്യമാണ്. നമ്മുടെ വിശ്വാസജീവിതം ഉണർവുള്ളതായി തീരാനും കുടുംബങ്ങൾ നവീകരിക്കപ്പെടാനും പൊതുസമൂഹത്തിൽ സുവിശേഷ സന്ദേശം ആഴപ്പെടാനും ജൂബിലിവർഷാചരണം വഴി സാധിക്കട്ടെ. പ്രത്യാശയുടെ സാക്ഷികളായി നിത്യജീവൻ ലക്ഷ്യമാക്കിയുള്ള നമ്മുടെ തീർത്ഥാടനത്തെ ദൈവം അനുഗ്രഹിക്കട്ടെ. പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനു നിങ്ങളെ ഓരോരുത്തരെയും സമർപ്പിച്ചുകൊണ്ട്,

കോതമംഗലം മെത്രാസനഭവനത്തിൽനിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി 26-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നൽകുന്ന പ്രത്യേക സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം, ലൂർദ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽവച്ച് മദ്യ-ലഹരി വിരുദ്ധ സമ്മേളനവും യുവജന സെമിനാറും സംയുക്തമായി നടത്തുകയാണ്. കേരളത്തിൽ യുവതീയുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ സമാനതകളില്ലാതെ വർദ്ധിച്ചുവരുന്ന രാസലഹരിയുടെ ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സഭയെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ വിപത്തിനെപ്പറ്റിയുള്ള ബോധവൽക്കരണമാണ് ഈ സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

മയക്കുമരുന്നിന്റെ വൻ വിപണിയായി കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്ത് ലഹരി കേസുകൾ കുതിച്ചുയരുകയാണ്. നമ്മുടെ വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ബസ്സ്റ്റാൻഡുകൾ, സ്കൂൾ പരിസരങ്ങൾ തുടങ്ങി ഗ്രാമാന്തരങ്ങൾവരെ ഇന്ന് ലഹരിയുടെ തുരുത്തായി തീർന്നിരിക്കുന്ന ഭയാനക കാഴ്ചയാണ് നാം കാണുന്നത്. കുടുംബങ്ങളുടെ അകത്തളങ്ങളും സുരക്ഷിതമല്ല. യുവതലമുറയെ ദോഷകരമായി ബാധിക്കുന്ന മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ സമൂഹ മനസ്സാക്ഷി ഉയരണം. ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി സർക്കാർ കോടികൾ ചെലവഴിച്ചിട്ടും വിമുക്തി പ്രാപിക്കാതെ കേരളം തേങ്ങുകയാണ്. ലഹരിക്കടിമപ്പെട്ട് കൊടും ക്രിമിനലുകൾ ആകുന്നവരുടെയും, ആത്മഹത്യ ചെയ്യുന്നവരുടെയും എണ്ണം ഓരോ ദിവസവും വർദ്ധിച്ചു വരുന്നു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സംവിധാനങ്ങളും ഇതിനെതിരെ കർമ്മ പദ്ധതികൾ ആവിഷ്കരിക്കണം. സർക്കാർ സാമ്പത്തിക സ്രോതസ്സായി കരുതി കൂടുതൽ മദ്യശാലകൾ തുറന്നും, ബിവറേജ് ഔട്ട്ലെറ്റുകളുടെ എണ്ണം വർധിപ്പിച്ചും ഐ.ടി പാർക്കുകളിൽ പബുകൾ സ്ഥാപിച്ചും പുതിയ മദ്യോത്പാദന കേന്ദ്രങ്ങൾക്ക് അനുമതി നൽകിയും മുന്നേ

റുമ്പോൾ, സമൂഹം ഒറ്റക്കെട്ടായി ഈ സാമൂഹ്യവിപത്തിനെതിരെ പോരാടണം.

ഈ പശ്ചാത്തലത്തിൽ 2025 ഫെബ്രുവരി 26-ന് (ബുധനാഴ്ച) കോട്ടയം, ലൂർദ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടത്തുന്ന മദ്യവിരുദ്ധ സമ്മേളനത്തിന്റെ പ്രസക്തി വളരെ വലുതാണ്. കേരള ത്തിലെ 32 രൂപതകളിൽ നിന്നുള്ള മദ്യവിരുദ്ധ പ്രവർത്തകരും യുവതീ യുവാക്കളും ഈ സമ്മേളനത്തിൽ പങ്കുചേരണം. കോട്ടയം പട്ടണ ത്തോടടുത്തുള്ള അതിരൂപത-രൂപതകളിൽ നിന്നും സാധിക്കുന്ന എല്ലാവരും പ്രസ്തുത സെമിനാറിലും സമ്മേളനത്തിലും വന്നു സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 26-ാം തീയതി രാവിലെ 9-ന് ആരംഭിക്കുന്ന സമ്മേളനം വൈകുന്നേരം 4-ന് സമാപിക്കുന്നതാണ്. ശ്രീ. മേജർ രവി, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, അഭിവന്ദ്യ മാർ ജോസഫ് പുളിക്കൽ, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, വന്ദ്യ പിതാക്കന്മാർ, സാമൂഹ്യ-രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ സമ്മേളനത്തിന്റെ മുഖ്യ അതിഥികൾ ആയിരിക്കും. സഭയും സമൂഹവും അഭിമുഖീകരിക്കുന്ന ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പരമാവധി ആളുകളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിക്കണമെന്ന് താല്പര്യപ്പെടുന്നു.

എന്ന്,

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ.

**ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ.

**ബിഷപ്പ് ക്രിസ്തുദാസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ.

*N. B. അന്വേഷണങ്ങൾക്ക് ബന്ധപ്പെടാനുള്ള നമ്പർ:*

റവ. ഫാ. ജോൺ അരീക്കൽ - 9447022347
ശ്രീ. പ്രസാദ് കുരുവിള - 9446084464

No. 4080/K-5/KCBC/OL/DS 22.01.2025

# 2025 ഫെബ്രുവരി 09 തിരുബാലസഖ്യ ദിനം കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവയിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ ആനന്ദം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്.

ജനറേഷൻ ബീറ്റ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതി വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗിക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക

ഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാല സഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാല സഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽ പോലും കടന്നിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ, സ്നേഹമാണ് ആദ്യ

പ്രേഷിതമാർഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതു പോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചാസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബീർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

---

NB: 2025 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# രൂപതക്കച്ചേരി

## C. *10/2025* അഖിലലോക രോഗീദിനം

2025 ഫെബ്രുവരി 11-ാം തീയതി ചൊവ്വാഴ്ച ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്താനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കാനും ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

Bishop

## C. *11/2025* സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് ഫെബ്രുവരി 28-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ ആഘോഷിക്കുകയും സിമിത്തേരി സന്ദർശനം നടത്തി മരണം മൂലം നമ്മിൽ നിന്നും വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

Bishop

## C. *12/2025* വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും

2025 മാർച്ച് 2-ാം തീയതി ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരുതരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്തിൽ അനാർഭാടമായി നടത്താവൂ. പരിപാടികളുടെ നടത്തിപ്പിലും ബാഹ്യ മോടിയിലും ഭക്ഷണത്തിലുമെല്ലാം ഈ ലാളിത്യം പാലിക്കേണ്ടതാണ്. നോമ്പുകാലത്തിൽ രൂപതക്കച്ചേരിയിലേക്ക് വിവാഹത്തിനുള്ള അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബഹു. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു. മനസ്സമ്മതമോ മറ്റു ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയു

ബോൾ മനസ്സമ്മതം നടത്തി ഏറെ താമസിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യുവാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

## C. *13/2025* New Appointments

**Parish Priest**

Muttathupara - Rev. Fr. Thomas Kallarackal (Residence - Kottappady)

**Resident Priest**

Karakunnam - Rev Fr Madathiparambil Francis

**Parochial Vicars**

Muvattupuzha - Rev Fr Karakunnel Joseph
Thodupuzha - Rev Fr Matheckal George
Nellimattam - Rev Fr Kunchirakattu Joseph
Velielchal - Rev Fr Devassy Varghese Thayyil OFM Cap.
Bethlehem - Fr Paul Thumpanirappel OFM Cap.
Njarakad - Fr. Scaria Purayidathil OFM Cap.

**Other Offices**

1. Vice Chancellor, Notary of the Preliminary Enquiry Committee for the Canonization Process of Rev Fr Mathew Mundackal (ഈശോ അച്ചൻ) and Rev Fr John Pinakattu - **Rev Fr Augustine Nirappel** (Residence: Bishop's House)
2. Secretary of the Implementation Committee of Action Plan of the Eparchial Assembly & Jubilee Year Programmes - **Rev Fr Sebastian Nedumpurathu** (Residence: Bishop's House Kothamangalam)
3. Legal Cell Co-ordinator - **Rev Fr Kuriakose Kannampalliyil**

**Preliminary Enquiry Committee for the Canonization Process**

1. Very Rev Msgr Pius Malekandathil
2. Rev Fr Joseph Athickal
3. Rev Fr Augustine Nirappel (Notary)

*Bishop*

## C. *14/2025* Presbyterium

The Plenary meeting of the Priests of the Eparchy will be held on Tuesday, February 04, 2025 from 10.00 am to 1.00 pm at NESTT. All are expected to participate without fail.

*Bishop*

## C. 15/2025 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 43-ാം ചരമവാർഷികം 2025 ഫെബ്രുവരി 6-ാം തീയതി വ്യാഴാഴ്ചയാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്കായി അന്നേ ദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബാനയർപ്പിച്ച് അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

## C. 16/2025 പുതുക്കിയ കുർബാനധർമ്മവും പടിസാധനവും

ഡിസംബർ മാസത്തിൽ ചേർന്ന കെ.സി.ബി.സി. സമ്മേളനത്തിൽ ഒറ്റക്കുർബാനയുടെ ധർമ്മം 100 രൂപയിൽനിന്ന് 150 രൂപയാക്കി ഉയർത്തി. തുടർന്ന് മറ്റ് പടിസാധനങ്ങളുടെ നിരക്ക് 2025 ജനുവരി 23-ാം തീയതി വ്യാഴാഴ്ച ചേർന്ന പ്രൊവിൻഷ്യൽ കൂരിയായിൽ നിശ്ചയിച്ചു. അതനുസരിച്ച് പടിസാധനങ്ങളുടെ പുതുക്കിയ നിരക്ക് താഴെ ചേർക്കുന്നു. 2025 ഏപ്രിൽ 1 മുതൽ പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്. അതിനാൽ ബഹു. അച്ചന്മാർ പഴയനിരക്കിലുള്ള തിരുക്കർമ്മങ്ങൾ അവർ ഏറ്റിറ്റുണ്ടെങ്കിൽ അതു പൂർത്തീകരിക്കാൻ പരിശ്രമിക്കണം. പൂർത്തീകരിക്കാൻ കഴിയുന്നതിൽ കൂടുതൽ അവരുടെ കൈവശം ഉണ്ടെങ്കിൽ എത്രയുംവേഗം രൂപതക്കച്ചേരിയിൽ ഏല്പിക്കണം. 2025 ഏപ്രിൽ 1 മുതൽ പഴയനിരക്കിലുള്ള പടിസാധനങ്ങൾ രൂപതക്കച്ചേരി ഏറ്റെടുക്കുന്നതല്ല.

| തിരുക്കർമ്മങ്ങൾ | പള്ളിക്ക് | കാർമ്മികന് | സഹ കാർമ്മികന് | കപ്യാർക്ക് | പാട്ടുകാർക്ക് | ആകെ |
|---|---|---|---|---|---|---|
| ഒറ്റക്കുർബാന | - | 150.00 | | | | 150.00 |
| ആത്മകാര്യം ഒറ്റക്കുർബാന (ഉഭയ കുർബാന) | - | 225.00 | | | | 225.00 |
| ആഘോഷമായ കുർബാന | 20.00 | 180.00 | | 25.00 | 25.00 | 250.00 |
| ഗ്രിഗോറിയൻ കുർബാന | | 7500.00 | | | | 7500.00 |
| റാസ | 200.00 | 300.00 | 3 X 200.00 | 125.00 | 275.00 | 1500.00 |
| ചെറിയ ഒപ്പീസ് പള്ളിയിൽ | 7.00 | 15.00 | | 8.00 | | 30.00 |
| ചെറിയ ഒപ്പീസ് സിമിത്തേരിയിൽ | 10.00 | 30.00 | | 10.00 | | 50.00 |
| അന്നീദാ | | 5.00 | | | | 5.00 |
| അമ്പ്, മുടി മുതലായവ | 30.00 | | | | | 30.00 |
| അടിമവയ്ക്കൽ | 6.00 | 18.00 | | 6.00 | | 30.00 |

*Bishop*

### C. *17/2025* വാർഷിക റിപ്പോർട്ട്

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടുകൾ ഇതുവരെയും നൽകാത്തവർ അത് എത്രയും വേഗം രൂപതക്കച്ചേരിയിൽ ഏൽപ്പിക്കേതാണ്.

*Chancellor*

### *C. 18/2025* Monthly Recollection for Priests

Read in common Nos. YOUCAT 214 - 223

*Syncellus*

### C. *19/2025* ഓഡിറ്റിംഗ്

2024-25 സാമ്പത്തിക വർഷത്തെ ഇടവകകളുടെ കണക്കുകൾ Audit ചെയ്യുന്നതിന് 2025 ഏപ്രിൽ 30, 2025 മെയ് 2 ഈ തീയതികളിലാണ് സൗകര്യം ഒരുക്കിയിരിക്കുക. ഈ തീയതികളിലേക്ക് ഇടവകകളുടെ കണക്കുകൾ തയ്യാറാക്കുകയും Audit -ന് വിധേയമാക്കുകയും ചെയ്യണമെന്ന് മുൻകൂട്ടി അറിയിക്കുന്നു.

*Finance Officer*

### *JS. 1/2025* ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേര് പറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2025-2026 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at the Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business/Banking Administration (Master's Degree only)

ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനു മുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.

2025 മെയ് 10-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം സെന്റ് ജോർജ് HSS -ലും തൊടുപുഴ സെന്റ്

സെബാസ്റ്റ്യൻസ് HS -ലും വച്ചു നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേ സ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശന പരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിന് വേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു.വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2025 മാർച്ച് 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരീക്ഷയ്ക്ക് വരുന്ന കുട്ടികൾ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam-686 691, Tel : 0485-2862236

*Chancellor*

## Js. *2/2025* ജൂബിലി സ്മാരക സ്കോളർഷിപ്പ്

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയുടെ സ്മരണയ്ക്കായി സ്ഥാപിച്ച സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2024 ഡിസംബർ 21-ാം തീയതി ശനിയാഴ്ച നെസ്റ്റിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് നിർവ്വഹിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 17 വിദ്യാർത്ഥികൾക്ക് 30,000 രൂപ വീതമാണ് നല്കിയത്. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 79 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാപരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 17 പേരെ തെരഞ്ഞെടുത്തത്. സ്കോളർഷിപ്പിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| No. | Name | Address | Parish |
|---|---|---|---|
| 1 | Clinta Maria George | Keethappillil | Kuninji |
| 2 | Jibin Jose | Vatholil | Pothanikad |

| | | | |
|---|---|---|---|
| 3 | Elsit Antony | Kallukattil | Nellippara |
| 4 | Linta Babu | Vadakkekara | Arikuzha |
| 5 | Joanna Mary George | Thekkekara | Vannappuram |
| 6 | Anna Biju | Njaliparambil | Cathedral |
| 7 | Mejo Thomas | Kattithara | Cathedral |
| 8 | Theres Mariya Tiby | Parumthaniyil | Paingottoor |
| 9 | Rosemol George | Mandapathikunnel | Pareekanni |
| 10 | Chrisbin Sibi | Thekkumcheril | Paingottoor |
| 11 | Sanika Mukesh | Modoor | Udumbannoor |
| 12 | Neha Vincent | Vattakunnel | Cheenikuzhy |
| 13 | Maria Francis | Kallunkal | Vazhakulam |
| 14 | Jospin Joseph | Kattukudiputhenpurayil | Kalloorkad |
| 15 | Athul Siby | Chamapparayil | Malippara |
| 16 | Josna George | Pandaramkudiyil | Kadalikkad |
| 17 | Doni Belgi | Suryaveettil | Nediasala |

*Secretary*

# Jeevajyoti Mission Utkela, Odisha

*OM 2 /2025* **സാമ്പത്തിക സഹായം**

| | | |
|---|---|---|
| Fr George Nirappath | ₹ | 100000 |
| Fr Joseph Mulanjanany | ₹ | 10000 |
| Catherine George Namattathil Karakunnam | ₹ | 5000 |
| John Paul Namattathil Karakunnam | ₹ | 10000 |
| KCYM Vijnanamatha Church, Thodupuzha | ₹ | 26000 |
| Emin Raju | ₹ | 5000 |
| FCC Convent Karimannoor | ₹ | 5000 |

*OM 3 /2025* **December 2024**

| | | | |
|---|---|---|---|
| 1 | Holymagi Forane Church, Muvattupuzha | ₹ | 100000 |
| 2 | St Thomas Church, Thommankuth | ₹ | 20000 |
| 3 | St Sebastian Church, Arikuzha | ₹ | 33000 |
| 4 | St Marys Church, Mundanmudy | ₹ | 8028 |
| 5 | St Antonys Church, Njayappilly | ₹ | 11140 |
| 6 | St George Church, Thazhuvamkunnu | ₹ | 20000 |

| | | | |
|---|---|---|---|
| 7 | St Martin De Porus Church, Anchiri | ₹ | 10000 |
| 8 | St Joseph Church, Njarakad | ₹ | 5000 |
| 9 | St Sebastian Church, Udumbannoor | ₹ | 10000 |
| 10 | St George Church, Muthalakodam | ₹ | 10,00,000 |
| 11 | Little Flower Church, Nediakad | ₹ | 50000 |
| 12 | St Josephs Church, Nellimattam | ₹ | 50000 |
| 13 | St Josephs Church, Velielchal | ₹ | 20635 |
| 14 | St Josephs Church, Neriamangalam | ₹ | 20000 |
| 15 | St George Church, Thottakara | ₹ | 15000 |
| 16 | St Michaels Randar | ₹ | 21000 |
| 17 | St Joseph Forane, Marika | ₹ | 30000 |
| 18 | Little Flower Church, Oonnukal | ₹ | 45000 |
| 19 | St Sebastian Church, Mathirappilly | ₹ | 12000 |
| 20 | St Antony's Church, Inchoor | ₹ | 30000 |

*OM 3 /2025* **മിഷൻ സന്ദർശനം**

രൂപത മിഷൻ ഡയറക്ടർ ബഹു. ജോസഫ് കല്ലറക്കൽ അച്ചൻ മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു. ജീവജ്യോതി മിഷന്റെ കീഴിലുള്ള 5 വില്ലേജുകൾ സന്ദർശിക്കുകയും ജീവ ഭവന്റെ നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

# മൈനർ സെമിനാരി

*MS 2 /2025* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1. | Mr Mathew V.T. Vattakuzhiyil, Muthalakodam | ₹ 6,000 |
| 2. | Mr George Mannamthuruthil, Vannappuram | ₹ 1,000 |
| 3. | A Benefactor | ₹ 3,000 |
| 4. | Mrs Daisy Kurian Cherukottu, Vannappuram | ₹ 1,000 |
| 5. | Mr Francis Thomas Pichappillil, Paingottoor | ₹ 3,000 |
| 6. | Dr Julian Johny Thottian | ₹ 25,000 |
| 7. | Mr Jose Varghese Maniyatt, Paingottoor | ₹ 10,000 |
| 8. | Mr Sebastian Joseph Ousepparambil, Thodupuzha East | ₹ 1,000 |
| 9. | Mr Mathaichan Parappuram | ₹ 10,000 |
| 10. | A Benefactor | ₹ 10,000 |
| 11. | Fr Joseph Mulanjanany | ₹ 8,000 |
| 12. | Mrs Thresiamma George Madathil, Vazhakulam | ₹ 25,001 |

13. Mr George V. Nelloor, Anicadu ₹ 3,000
14. Mr Benny Maanickal, Kaliyar ₹ 20,000
15. Mr Jomon Chathamkandathil, Mathirappilly ₹ 1,000
16. Mrs Alice Jonas Rathappillil. Kalloorkad ₹ 15,000
17. A Benefactor ₹ 25,00
18. A Benefactor ₹ 10,000
19. Mr Mathew V.T. Vattakuzhiyil, Muthalakodam ₹ 6,000

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V. 9/2025* **SMC അവാർഡ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോമല ബാർ പ്രതിഭാസംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നുള്ള **ആൻ മരിയ എസ് മംഗലത്ത്കുന്നേൽ, കരിമണ്ണൂർ** സംസ്ഥാനതലത്തിൽ പ്രതിഭ യായി തിരഞ്ഞെടുക്കപ്പെട്ടു. ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

*V.10/2025* **സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 7 തിങ്കൾ**

**ഏപ്രിൽ 14 -ാം തീയതിയിലെ സ്കോളർഷിപ്പ് പരീക്ഷ എപ്രിൽ 7-ാം തീയതിയിലേയ്ക്ക് മാറ്റിയിരിക്കുന്നു.** IV, VII, X ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. സമയം 10.30 am- 12.30 pm

**Std - IV**

| | | |
|---|---|---|
| പാഠഭാഗം | Std. IV | 50% |
| | Std. I, II, III | 20% |
| | പൊതുവിജ്ഞാനം | 10% |
| | ഉപപാഠം IV | 20% |

**Std - VII**

| | | |
|---|---|---|
| പാഠഭാഗം | Std. VII | 50% |
| | Std. V, VI | 20% |
| | പൊതുവിജ്ഞാനം | 10% |
| | ഉപപാഠം VII | 20% |

**Std - X**

| | | |
|---|---|---|
| പാഠഭാഗം | Std. X | 50% |

Std. VIII, IX ................................................ 20%
പൊതുവിജ്ഞാനം ............................................ 10%
ഉപപാഠം X .................................................. 20%

*V.11/2025* **രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 5 ശനി**

**ഏപ്രിൽ 6–ാം തീയതി നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 5–ാം തീയതിയിലേയ്ക്ക് മാറ്റിയിരിക്കുന്നു.**
I - IX ക്ലാസ്സുകൾ 9.00 am to 11 am
X, XI, XII ക്ലാസ്സുകൾ 11.00 am to 1 pm

*V.12/2025* **വിശ്വാസോത്സവം**

**ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 1, 2, 3, 4 തീയതികളിൽ നിന്ന് മാറ്റി. മാർച്ച് 31, ഏപ്രിൽ 1, 2, 3 തീയതികളിലായി നടക്കുന്നതാണ്.** പുസ്തകവിതരണം മാർച്ച് 10–ാം തീയതി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിളിച്ചുചോദിച്ച് പുസ്തകം വന്നുഎന്ന് ഉറപ്പുവരുത്തിയിട്ട് വരിക.

*V. 13/2025* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 45, വർഷങ്ങൾ പൂർത്തിയാക്കിയവർ**

**45**

സി. ഫ്രാൻസ്‌ലിറ്റ് എഫ്.സി.സി., നെയ്യശ്ശേരി
സി. മേഴ്സി എസ്.എ.ബി.എസ്., പാറപ്പുഴ

**30**

സി. എമിലിൻ എസ്.എ.ബി.എസ്., കത്തീഡ്രൽ
സി. സെലസ്റ്റിൻ എസ്.എ.ബി.എസ്., ചിറ്റൂർ
ഓമന ജോസഫ് അമയപറമ്പിൽ, തട്ടക്കുഴ

**25**

ജോസ് എ.ജെ. അയ്യങ്കോലിൽ, ബസ്ലഹം

**20**

ജോസി ജോളി കണ്ണംകുളം, തട്ടക്കുഴ
റോസിലി ജോസഫ് മുടക്കാട്ട്, തട്ടക്കുഴ
ബീവർ ഈപ്പച്ചൻ കുന്നപ്പിള്ളിൽ, പെരിങ്ങഴ

**15**

ആനി ഷാജി പള്ളിക്കുന്നേൽ, ബസ്ലഹം

സി. റെസി ഒടുവേലിൽ എസ്.എ.ബി.എസ്., ചിറ്റൂർ
അൽഫോൻസ ജോർജ് നെടുങ്കല്ലേൽ, ഏഴല്ലൂർ
ഷൈബി ബിജു കാക്കനാട്ട്, ഉരുളൻതണ്ണി
സോളി മാത്യു മൂഴിക്കച്ചാലിൽ, അരിക്കുഴ
സി. മാഗി പണ്ടാരുകുന്നേൽ എസ്.എ.ബി.എസ്., ആനിക്കാട്
ജോർജ് കെ.എം. കാക്കനാട്ട്, ആനിക്കാട്
ഷെറിൻ മാത്യു ജി. പോത്തനാമുഴി, ആനിക്കാട്
സ്മിത ഷെറിൻ പോത്തനാമുഴി, ആനിക്കാട്
സിബി ജോൺ മലേക്കുടിയിൽ, പുറപ്പുഴ
എൽസമ്മ പോൾ തച്ചേത്തുപറമ്പിൽ, പുറപ്പുഴ
സി. ആൻസ്‌ലെറ്റ് സി.എം.സി., കത്തീഡ്രൽ
സി. ലൂസീന എം.എസ്.ജെ., കത്തീഡ്രൽ
സി. ജെസ്ജോസ് എം.എസ്.ജെ., കത്തീഡ്രൽ
ലൂസി മൈക്കിൾ തുറയ്ക്കപുത്തൻപുരയിൽ, മുതലക്കോടം

**10**

മേരി ജോർജ് ഊരക്കാട്ടിൽ, ബസ്ലഹം
സിബിൻ ജോസ് പാറച്ചാലിൽ, കോതമംഗലം
ലില്ലി മാത്യു ചേന്നംപ്പിള്ളി, കാരക്കുന്നം
സി. ലിൻഡ സി.എം.സി., കാരക്കുന്നം
സി. ജിസ് മരിയ സി.എം.സി., പുലിയൻപാറ
സ്റ്റീഫൻ എം. വി., മലേപറമ്പിൽ, തട്ടക്കുഴ
ജോസഫ് മാത്യു കാരക്കുന്നേൽ, തട്ടക്കുഴ
സിമി ജോസ് കച്ചിറയിൽ, ഏഴല്ലൂർ
ലിസമ്മ സേവ്യർ തകിടിയിൽ, ഉരുളൻതണ്ണി
പ്രിൻസി ജോബി വടക്കുംപറമ്പിൽ, ഉരുളൻതണ്ണി
പീറ്റർ കെ. അബ്രാഹം കറുത്തേടത്ത്, കരിമണ്ണൂർ
ബിനോയി ജോസഫ് പുത്തൻപുരയിൽ, കരിമണ്ണൂർ
സോജി ജെയിംസ് മഠത്തിപറമ്പിൽ, മുതലക്കോടം
മരിയ സോജി മഠത്തിപറമ്പിൽ, മുതലക്കോടം

*V.14/2025* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസ് ക്വിസിന്റെ സമ്മാനങ്ങൾ കൈപ്പറ്റാത്തവർ ഫെബ്രുവരി 10-ന് മുമ്പ് ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്. പിന്നീട് സമ്മാനങ്ങൾ ലഭിക്കുന്നതല്ല.

*V.15/2025* **ദിവ്യകാരുണ്യസ്വീകരണ ഒരുക്ക സഹായി**

ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽനിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

# കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 5/2025* **യാത്രയയപ്പ് സമ്മേളനം**

ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്നവർക്കുള്ള യാത്രയയപ്പ് സമ്മേളനം ഫെബ്രുവരി മാസം 22-ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് കൂടുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*Edn. 6/2025* **ഫിറ്റ്നസ് അപേക്ഷ ഫോം**

2025-26 അധ്യയന വർഷത്തേക്കുള്ള ഫിറ്റ്നസിനുള്ള അപേക്ഷ തരാത്തവർ ഫെബ്രുവരി അഞ്ചാം തീയതിക്ക് മുമ്പ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Edn. 7/2025* **Staff Selection Interview**

കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ഹിന്ദി തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ മാർച്ച് മാസം 30-ന് മുമ്പായി നിശ്ചിത ഫോമിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോം രൂപത വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്നും www.kothamangalamcorporate.org എന്ന സൈറ്റിൽ നിന്നും ലഭ്യമാണ്.

*Edn. 8/2025* **പ്രിൻസിപ്പൽ/അധ്യാപക അവാർഡ്**

രൂപതയുടെ കീഴിലുള്ള സ്കൂളുകളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന മികച്ച അധ്യാപക-അനധ്യാപക അവാർഡിന് യോഗ്യരായിട്ടുള്ളവരുടെ പേര് പ്രധാനാധ്യാപകർ മാനേജർ അച്ചന്മാരുടെ ശുപാർശയോടു കൂടെ ഫെബ്രുവരി മാസം 10-ാം തീയതിക്ക് മുമ്പായി നൽകേണ്ടതാണ്. മികച്ച പ്രധാനാദ്ധ്യാപക അവാർഡിന് പരിഗണനാർഹമായിട്ടുള്ളവരുടെ പേരുകൾ ബഹു. മാനേജർ അച്ചന്മാർ ഫെബ്രുവരി 10-ാം തീയതിക്കു മുൻപായി ശുപാർശ ചെയ്യേണ്ടതാണ്.

*Edn.9/2025* **School Maintenance Fund**

| Date | School Name | Credit | Debit |
|---|---|---|---|
| 22/11/2024 | SG TTI Vazhakulam | 23582 | |
| 23/12/2024 | FM UPS Malippara | 11364 | |
| 28/12/2024 | ST LPS Nadukani | 4416 | |
| 04/01/2025 | SM HS Arikuzha | 19194 | |
| 04/01/2025 | SJ UPS Kaloor | 17030 | |
| 04/01/2025 | ST LPS Nadukara | 12470 | |
| 04/01/2025 | SA HSS Kalloorkad | 84880 | |
| 04/01/2025 | SM LPS Neendapara | 4808 | |
| 06/01/2025 | SS HS Neyyassery | 5014 | |
| 06/01/2025 | SA LPS Kalloorkad | 22540 | |
| 06/01/2025 | SM HSS Kaliyar | 41461 | |
| 09/01/2025 | SM HSS Arakuzha | 107552 | |
| 10/01/2025 | Njarakad | | 15000 |
| 11/01/2025 | SJ HS Karimannoor | 206935 | |
| 11/01/2025 | SJ LPS Njrakadu | 17858 | |
| 11/01/2025 | SJ HSS Karimannoor | 91618 | |
| 11/01/2025 | SM LPS Kodikulam | 7320 | |
| 11/01/2025 | SM HS Kodikulam | 30326 | |
| 11/01/2025 | LF LPS Chittoor | 7500 | |
| 11/01/2025 | SG HSS Kallanickal | 6408 | |
| 14/01/2025 | SM LPS Ezhumuttam | 7140 | |

| | | |
|---|---|---|
| 17/01/2025 | SAA LPS Nedungapra | 12776 |
| 17/01/2025 | SG LPS Kadavoor | 17860 |
| 17/01/2025 | J LPS Vettampara | 13680 |
| 18/01/2025 | SA HS Kalloorkad | 29736 |
| 18/01/2025 | SG HS Udumbannoor | 21142 |
| 18/01/2025 | SH HS Ayavana | 35307 |
| 18/01/2025 | SA LPS Chilavu | 4826 |
| 18/01/2025 | SJ UPS Perumbillichira | 10182 |
| 18/01/2025 | LF LPS Pallickamury | 9130 |
| 18/01/2025 | SS HS Purapuzha | 30504 |
| 18/01/2025 | SG HSS Muthalakodam | 55448 |
| 18/01/2025 | SS LPS Arikuzha | 5390 |
| 18/01/2025 | SJ LPS Paingottoor | 19936 |
| 18/01/2025 | LF HS Oonnukal | 61464 |
| 18/01/2025 | LF UPS Nediakad | 3858 |
| 18/01/2025 | SJ LPS Thommankuth | 9516 |
| 18/01/2025 | FM UPS Malippara | 17318 |
| 20/01/2025 | SJ LPS Kolady | 10304 |
| 20/01/2025 | SG HSS Kothamangalam | 46060 |
| 22/01/2025 | MB UPS Thalayanad | 7076 |
| 22/01/2025 | SJ UPS Kaloor | 23238 |
| 23/01/2025 | LF LPS Oonnukal | 35724 |
| 24/01/2025 | SG HS Kothamangalam | 45988 |
| 24/01/2025 | SG UPS Pooyamkutty | 5658 |
| 25/01/2024 | SG HSS Kalayanthani | 43965 |
| 25/01/2024 | SG UPS Thottakara | 9760 |
| 25/01/2024 | SG TTI Vazhakulam | 13028 |
| 25/01/2024 | F LPS Karakunnam | 16064 |
| 25/01/2024 | SS HS Vazhithala | 12310 |
| 25/01/2024 | LF LPS Thazhuvamkunnu | 7900 |
| 25/01/2024 | LF UPS Vazhakala | 44170 |

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.5/2025* **BRAINY QUEST 2025**

മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയുടെ നേതൃത്വത്തിൽ 2025 ജനുവരി 6 തിങ്കളാഴ്ച സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് ക്വിസ് മത്സരം നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ വച്ച് നടന്നു.

ക്വിസ് മത്സരത്തിൽ കോളേജ് തലത്തിൽ ഒന്നാം സമ്മാനം അഭിജിത് വിനു & എബൽ മാത്യു (നിർമ്മല കോളേജ്, മുവാറ്റുപുഴ) എന്നിവരും, രണ്ടാം സമ്മാനം അനഘ എസ് നായർ & ആഷിതാ കെ ഷാജി (നിർമ്മല കോളേജ്, മൂവാറ്റുപുഴ), മൂന്നാം സമ്മാനം അൻസൂത് ബിജു & ജസ്‌ലിൻ തെരേസ ബിജോ (ന്യൂമാൻ കോളേജ്, തൊടുപുഴ) എന്നിവരും കരസ്ഥമാക്കി.

സ്കൂൾതലത്തിൽ ഒന്നാം സമ്മാനം നന്ദന ജയൻ & ഹവ്വാമോൾ കെ എസ് (സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ, മുതലക്കോടം), രണ്ടാം സമ്മാനം അലോക്ക് അഭിലാഷ് & ചേതൻ (സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ, കോതമംഗലം), മൂന്നാം സമ്മാനം ദേവനന്ദ കെ. ആർ. & മീര അജിത്ത് (സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂൾ കല്ലൂർക്കാട്) എന്നിവരും കരസ്ഥമാക്കി.

*NiCSA.6/2025* **സിവിൽ സർവീസ് റെഗുലർ കോഴ്സ് (1Year) അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

2026ൽ സിവിൽ സർവീസ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന ഡിഗ്രി/പി.ജി. പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന എം.സി.പി ഫുൾടൈം കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ബാച്ചിലേക്കുള്ള സ്കോളർഷിപ്പ് എക്സാം ഉടനെ നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി ഓഫീസിൽ കോൺടാക്ട് ചെയ്യാവുന്നതാണ്.

*NiCSA.7/2025* **ഫൗണ്ടേഷൻ കോഴ്സ്**

ഡിഗ്രി/പിജി പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർ

വീസ് ഫൗണ്ടേഷൻ കോഴ്സ് ക്ലാസ്സുകൾ എല്ലാ ശനി, ഞായർ ഉച്ചകഴിഞ്ഞ് നടന്നുവരുന്നു.

*NiCSA.8/2025* **സ്കൂൾ കുട്ടികൾക്കായുള്ള സിവിൽ സർവീസ് പരിശീലനം**

5 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്കായി നിർമ്മല കിഡ്സ് കോഴ്സ്, 8 മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കായി ഫണ്ടമെന്റൽസ് കോഴ്സ് എന്നിവ എല്ലാ സെക്കൻഡ് സാറ്റർഡേയും പബ്ലിക് ഹോളിഡേയ്സിലും രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നടന്നുവരുന്നു. Contact No: 9496065457, 91423 96705.

*Administrator*

---

# സോഷ്യൽ സർവീസ്

---

*SS. 7/2025* **ജർമ്മൻ ഭാഷാപരിശീലനം 9-ാമത് ബാച്ച്**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സൗജന്യമായി ജർമ്മൻ ഭാഷ പഠിപ്പിച്ച് നേഴ്സിംഗ് കഴിഞ്ഞവരെ ജർമ്മനിയിൽ ജോലി നേടി കൊടുക്കുന്നു. കൂടാതെ കുറഞ്ഞ നിരക്കിൽ ജർമ്മൻ ഭാഷ പഠിപ്പിച്ച് +2 കഴിഞ്ഞവർക്ക് നേഴ്സിംഗ് അഡ്മിഷനും നൽകുന്നു. ഡിഗ്രി പാസ്സായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കിന്റർഗാർട്ടനിൽ ടീച്ചർ ജോലി നേടുന്നതിന് സഹായിക്കുകയും ജർമ്മൻ ഭാഷ പരിശീലിപ്പിക്കുകയും ചെയ്യുന്നു. ജർമ്മൻ ഭാഷാ പരിശീലത്തിന്റെ 9-ാമത് ബാച്ച് മാർച്ച് 3-ന് ആരംഭിക്കും. അപേക്ഷകൾ ഫെബ്രുവരി 17-നകം KSSS -ന്റെ ഓഫീസിൽ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് - 8075418024 എന്ന നമ്പറിൽ ബന്ധപ്പെടുക.

*SS. 8/2025* **കാരിത്താസ് ട്രെയിനിംഗ്**

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരിയിൽ വച്ച് നടന്ന ദ്വിദിന ട്രെയിനിംഗിൽ KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കലും കോ-ഓർഡിനേറ്ററും പങ്കെടുത്തു.

*SS. 9/2025* **KSBCDC വായ്പ**

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചു.

ആകെ ഒരു കോടി തൊണ്ണൂറുലക്ഷം രൂപയാണ് വായ്പയായി അനുവദിച്ചിട്ടുള്ളത്. 253 അപേക്ഷകരുണ്ട്. വായ്പകൾ KSBCDC പാസ്സാക്കുന്നതനുസരിച്ച് ഫെബ്രുവരിയോടെ വിതരണം ചെയ്യും.

*SS. 10/2025* **കിഡ്നി രോഗികൾക്കുള്ള സഹായം**

KSSS ന്റെ നേതൃത്വത്തിൽ ജീവ മിൽക്കിന്റെ സഹകരണത്തോടെ രൂപതയിലെ തിരഞ്ഞെടുക്കപ്പെട്ട 83 കിഡ്നിരോഗികൾക്ക് 15000 രൂപ വീതം സഹായം നൽകുകയുണ്ടായി.

*SS. 11/2025* **മാനസിക വൈകല്യമുള്ളവർക്ക് ധനസഹായം**

മാനസികവൈകല്യമുള്ളവർക്ക് 15000 രൂപ വീതം 172 പേർക്ക് ജീവ മിൽക്കിന്റെ സഹകരണത്തോടെ ധനസഹായം നൽകി.

*SS. 12/2025* **ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി**

KCBCDC വഴി വായ്പയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർക്കായി SHG കൾ ഉള്ള മുഴുവൻ യൂണിറ്റുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. പ്രോഗ്രാമിന് KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ നേതൃത്വം നൽകി.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 5/2025* **സ്നേഹകൂടാരം**

ജനുവരി 5 ന് വെട്ടിമറ്റം ശാഖയിലും, ജനുവരി 12 ന് ബസ്ലഹം ശാഖയിലും, ജനുവരി 19 ന് മാതിരപ്പിള്ളി ശാഖയിലും, സ്നേഹ കൂടാരം നടന്നു.

*CML6/2025* **മഹാമിഷനറി സംഗമം**

ലോകമെമ്പാടുമുള്ള കോതമംഗലം രൂപതാംഗങ്ങളായ മിഷനറിമാരുടെ സംഗമം ഈ വരുന്ന ഏപ്രിൽ 26 ന് കോതമംഗലം രൂപതയുടെ പാസ്റ്ററൽ സെന്റർ ആയ മൂവാറ്റുപുഴ NESTT ൽ വച്ച് നടത്തുന്ന വിവരം എല്ലാ മിഷനറിമാരെയും ഏറെ സ്നേഹത്തോടെ അറിയിക്കുകയും, ആഗോള മിഷൻ സംഗമത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

*CML7/2025* **പരീക്ഷ ഒരുക്ക പ്രാർത്ഥന**

ഈ വർഷം 10,12 ക്ലാസ്സുകളിൽ പൊതുപരീക്ഷ എഴുതുന്ന കുട്ടികൾക്കായുള്ള പ്രത്യേക പരീക്ഷ ഒരുക്ക പ്രാർത്ഥന ഫെബ്രുവരി 9 ശനി രാവിലെ 9:30 മുതൽ തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈൻ ഓഫ് ഹോളി മേരിയിൽ വച്ച് നടക്കുന്നു. ഉച്ചയോടെ അവസാനിക്കുന്ന രീതിയിലാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ രൂപതയിൽ പൊതുപരീക്ഷ എഴുതുന്ന എല്ലാ കുട്ടികളെയും ഈ പ്രാർത്ഥനയിലേക്ക് സ്വാഗതം ചെയ്യുന്നു.

*CML8/2025* **ചെറുസൂനം ക്വിസ്**

ഈ വർഷത്തെ ചെറുസൂനം ക്വിസിന്റെ ഇടവക തല മത്സരം ഫെബ്രുവരി 16 ഞായറാഴ്ച ഉച്ചകഴിഞ്ഞു 1:30 ന് ഇടവകകളിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. 2024 ജൂലൈ മുതൽ 2025 ഫെബ്രുവരി വരെയുള്ള ചെറുസൂനം ആണ് പഠനവിഷയം. ചോദ്യപേപ്പർ ഇടവകയിൽ എത്തിച്ചുനൽകുന്നതാണ്.

*CML9/2025* **രൂപതാതല ഡിജിറ്റൽ മാഗസിൻ മത്സരം**

ഈ വർഷത്തെ രൂപതാതല ഡിജിറ്റൽ മാഗസിൻ മൽസരത്തിൽ 37 ശാഖകൾ പങ്കെടുത്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ

| | | |
|---|---|---|
| First | - | Marika (Malayalam) |
| Second | - | Udumbannoor |
| | | Marika (English) |
| Third | - | Kothamangalam |

*Director*

## കെ.സി.എസ്.എൽ.

*KCSL. 5/2025* **സംസ്ഥാന കലോത്സവം**

കെ.സി.എസ്.എൽ സംസ്ഥാന കലോത്സവവും വാർഷികവും ജനുവരി 18 ശനിയാഴ്ച പാലാ രൂപതയിൽ കുറവിലങ്ങാട്ട് വച്ച് നടന്നു.

സംസ്ഥാന കലോത്സവത്തിൽ എൽ പി വിഭാഗം കെ സി എസ് എൽ ആന്തം മത്സരത്തിൽ നമ്മുടെ രൂപത രണ്ടാം സ്ഥാനം (നിർമ്മല ജൂനിയർ സ്കൂൾ മൂവാറ്റുപുഴ) കരസ്ഥമാക്കി

എച്ച് എസ് വിഭാഗം സ്റ്റഡി സർക്കിൾ മത്സരത്തിൽ നമ്മുടെ രൂപത (സെന്റ് ജോസഫ് എച്ച് എസ് എസ് പൈങ്ങോട്ടൂർ) മൂന്നാം സ്ഥാനം കരസ്ഥമാക്കി. കൂടാതെ എല്ലാ മത്സര ടീമുകളും എ ഗ്രേഡ് നേടുകയുണ്ടായി. പങ്കെടുത്ത എല്ലാ സ്കൂൾ യൂണിറ്റുകൾക്കും കുട്ടികൾക്കും അഭിനന്ദനങ്ങൾ.

*KCSL. 6/2025* **പരീക്ഷാ മംഗളങ്ങൾ**

SSLC ,+2 പരീക്ഷകൾക്കായി ഒരുങ്ങുന്ന എല്ലാ KCSL അംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 3/2025* **രൂപത കമ്മിറ്റി മീറ്റിംഗ്**

ജനുവരി 15-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കമ്മിറ്റി യോഗം ചേർന്നു. രൂപത പ്രസിഡന്റ് ഡിഗോൾ. K. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ മുഖ്യപ്രഭാഷണം നടത്തി. 2025 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ജനുവരി മാസത്തിൽ ഇടവക സമിതി തിരഞ്ഞെടുപ്പുകൾ പൂർത്തിയാക്കുവാനും മാർച്ച് മാസത്തിൽ ഫൊറോന കൺവെൻഷനുകൾ നടത്തുവാനും തീരുമാനിച്ചു.

*FA 4/2025* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

| | |
|---|---|
| ഫെബ്രുവരി | 13 - 15 |
| ഫെബ്രുവരി | 27 - മാർച്ച് 01 |
| മാർച്ച് | 13 - 15, 27 - 29 |

*Director*

# പ്രോലൈഫ്

*PL 2/2025* **പ്രോ ലൈഫ് മാജിക് ഷോ 2025**

ഒന്നാം തീയതി കോടഞ്ചേരി സെന്റ് ജോസഫ് സ്കൂൾ.

സംയുക്ത പുതുവത്സര ക്രിസ്മസ് ആഘോഷം താമരശ്ശേരി രൂപത.

*Director*

# പിതൃവേദി

*PV 4/2025* **ഒഡിഷാ മിഷനിലേക്ക് വസ്ത്രങ്ങൾ**

ഒഡിഷാ മിഷനിലെ മിഷനറിമാർ ആവശ്യപ്പെട്ടതനുസരിച്ച് അവിടുത്തെ പാവപ്പെട്ട വിശ്വാസികൾക്ക് ഉപയോഗിക്കാനായി വിവിധ ഇടവകകളിൽ നിന്നും പിതൃവേദിയുടെ നേതൃത്വത്തിൽ ശേഖരിച്ച വസ്ത്രങ്ങൾ ട്രെയിൻ മാർഗ്ഗം അയച്ചു കൊടുക്കുകയുണ്ടായി.

ഊന്നുകൽ ഇടവക 890 Kg. യും കോലടി ഇടവക 275, Kg. യും വിജ്ഞാനമാതാ ഇടവക 181 Kg. യും വ്യക്തികൾ 114 Kg.യും ഉൾപ്പെടെ 1460 Kg. തുണികൾ ശേഖരിച്ചു അയയ്ക്കുകയുണ്ടായി.

അടുത്ത മാസം ആസ്സാമിൽ നിന്നും മിഷനറിമാർ വസ്ത്രം ആവശ്യപ്പെട്ടിട്ടുണ്ട്.

*Director*

# മാതൃവേദി

*MV 4/2025* **രൂപതാ തിരഞ്ഞെടുപ്പ്**

07/01/2025 ൽ നടന്ന രൂപതാ ഇലക്ഷനിൽ മാതൃവേദി 2025-27 പ്രവർത്തന വർഷത്തിലേക്കുള്ള ഭാരവാഹികളായി താഴെ പേര് ചേർത്തിരിക്കുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| രൂപതാ പ്രസിഡന്റ് | : | ശ്രീമതി. ജാൻസി മാത്യു താന്നിക്കൽ, കൊടുവേലി, കാളിയാർ ഫൊറോന |
| രൂപത വൈസ് പ്രസിഡന്റ് | : | ശ്രീമതി. സെലിൻ ലൂയിസ്, കൊല്ലിയിൽ, സെന്റ് ജോർജ് കത്തീഡ്രൽ കോതമംഗലം |
| സെക്രട്ടറി | : | ജൂഡി ഡാലു, കിഴക്കേഅരഞ്ഞാണിയിൽ, മാറിക |
| ജോയിന്റ് സെക്രട്ടറി | : | പ്രീത ജോണിച്ചൻ,വാരികാട്ട് ചിലവ്, കരിമണ്ണൂർ |
| ട്രഷറർ | : | സിജി ജോമി, വട്ടക്കുടിയിൽ, മൂവാറ്റുപുഴ |
| നാഷണൽ സെനറ്റ് | : | 1. മിനി ജോസ് പാറപ്പുറം, നെടുങ്ങപ്ര, കുറുപ്പംപടി<br>2. സിൽജ ജോളി, തെക്കേതൊട്ടിയിൽ, പെരുമ്പിള്ളിച്ചിറ, മൈലക്കൊമ്പ്. |

*MV 5/2025* **ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി യോഗവും ഇലക്ഷനും**

ഗ്ലോബൽ മാതൃവേദി ജനറൽ ബോഡിയും ഇലക്ഷനും കോതമംഗലം രൂപത നെസ്റ്റിൽ വച്ചു നടത്തി. രൂപത വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഗ്ലോബൽ മാതൃവേദി ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ സ്വാഗതം ആശംസിച്ചു. ഗ്ലോബൽ മാതൃവേദി പ്രസിഡന്റ് ബീന ജോഷി അധ്യക്ഷ പ്രസംഗവും ജനറൽ സെക്രട്ടറി ആൻസി മാത്യു റിപ്പോർട്ടും അവതരിപ്പിച്ചു. സമാപന സമ്മേളനത്തിൽ ഗ്ലോബൽ മാതൃവേദി ബിഷപ്പ് ഡെലഗേറ്റ് മാർ പീറ്റർ കൊച്ചുപുരക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. വിവിധ രൂപതകളിൽ നിന്നായി 120 ഓളം അമ്മമാർ ഈ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു.

*Director*

# യൂദിത്ത് മിനിസ്ട്രി

*JM 1/2025* **വാർഷികവും ക്രിസ്മസ് ആഘോഷവും**

യൂദിത്ത് നവോമി ഫോറം രൂപത വാർഷികവും ക്രിസ്മസ് ആഘോഷവും 18/12/24-ൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രൂപത പ്രസിഡന്റ് മിനി ജോൺസൺ അധ്യക്ഷ ആയി

രുന്നു. പ്രസ്തുത യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ ആമുഖ സന്ദേശം നൽകി. രൂപത വികാരി ജനറൽ മോൺ. പയസ് മലേക്കണ്ടത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. തൊടുപുഴ ഫൊറോന വികാരി റവ. ഫാ. സ്റ്റാൻലി കുന്നേൽ ആശംസകൾ അറിയിച്ചു. വിവിധ സംഘടനാ പ്രതിനിധികൾ വാർഷിക യോഗത്തിൽ പങ്കെടുത്തു. ഫാ. ജോസ് കണ്ടത്തിൽ നൂതന കാഴ്ചപ്പാടുമായി യൂദിത്ത് നവോമി എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സ് എടുത്തു. യൂദിത്ത് അമ്മമാരുടെ വിവിധ കലാപരിപാടികൾ നടന്നു.

*Director*

# മദ്യവിരുദ്ധ സമിതി

*MVS 1/2025* **മദ്യനിർമ്മാണ കേന്ദ്രങ്ങൾ കേരളത്തിന് ശാപം**

ബ്രൂവറിയും ഡിസ്റ്റിലറിയും മദ്യനിർമ്മാണ സംവിധാനങ്ങളുമൊരുക്കി കേരളത്തെ സർവ്വനാശത്തിലേക്ക് നയിക്കുന്ന സംസ്ഥാനത്തിന്റെ മദ്യനയം കേരളത്തിന് ശാപമാണെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി കോതമംഗലം രൂപത നേതൃത്വയോഗം കുറ്റപ്പെടുത്തി. ലഹരി ഉപയോഗിച്ച് മനുഷ്യരെ നിഷ്ഠൂരം കൊന്നൊടുക്കുന്നവിധം സമൂഹം തകർച്ചയെ നേരിടുകയാണെന്നും സ്വകാര്യമുതലാളിമാരെ സംരക്ഷിച്ചുകൊണ്ട് പാവങ്ങളെ തകർക്കുന്ന നയം തിരുത്തണമെന്നും യോഗം അഭിപ്രായപ്പെട്ടു. രൂപതാ പ്രസിഡന്റ് ജെയിംസ് കോറമ്പേൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ, ജോയ്സ് മുക്കുടം, ആന്റണി പുല്ലൻ, മോൻസി മങ്ങാട്ട്, ജോബി ജോസഫ്, സെബാസ്റ്റ്യൻ കൊച്ചടിവാരം, ജോസ് കൈതമന, ജോയി പനയ്ക്കൽ, പോൾ കൊങ്ങാടൻ, ബിജു വെട്ടിക്കുഴ, ജോയി പടയാട്ടിൽ, ജോമോൾ സജി, ജോർജ് കൊടിയാറ്റ്, ഷൈനി കച്ചിറ, സിജു കൊട്ടാരത്തിൽ, മാർട്ടിൻ കീഴേമാടൻ, ജോമോൻ ജേക്കബ്, ഏണസ്റ്റ് കെ.വി, സുനിൽ സോമൻ എന്നിവർ പ്രസംഗിച്ചു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

## *DFC 4/2025* രൂപത എക്സിക്യൂട്ടീവ് യോഗം

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കോതമംഗലം രൂപത എക്സിക്യൂട്ടിവ് കമ്മിറ്റി ജനുവരി 15-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ യോഗം ചേർന്നു. രൂപത പ്രസിഡന്റ് ടോം ജെ. കല്ലറയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ ഉദ്ഘാടനം ചെയ്തു. 2025 ഫെബ്രുവരി മാസത്തിൽ രൂപത സമിതി ഇലക്ഷൻ നടത്തുവാൻ തീരുമാനിച്ചു. ഫാ. ജെയ്സൺ നിരവത്ത്, ജോയി നടുക്കുടി, ഡിഗോൾ കെ ജോർജ്, ഷീല രാജു, ബെറ്റി കോരച്ചൻ, ജേക്കബ്ബ് തോമസ് എന്നിവർ പ്രസംഗിച്ചു.

## *DFC 5/2025* ഫൊറോന കൺവെൻഷൻ

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് മുതലക്കോടം ഫൊറോന കൺവെൻഷൻ ജനുവരി മൂന്നാം തീയതി മുതലക്കോടം സെന്റ് ജോർജ്ജ് ഫൊറോന പള്ളി ഹാളിൽ നടന്നു. ഫൊറോന വൈസ് പ്രസിഡന്റ് ശ്രീമതി ലിസ്സി തോട്ടുപാട്ട് അദ്ധ്യക്ഷത വഹിച്ച യോഗം ഫൊറോന രക്ഷാധികാരി റവ. ഡോ. ജോർജ്ജ് താനത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ മുഖ്യപ്രഭാഷണം നടത്തി. ദീപിക എഡിറ്റോറിയൽ ബോർഡ് അംഗം ശ്രീ. ജോൺസൺ പൂവംതുരുത്ത് ക്ലാസ്സ് എടുത്തു. ശ്രീ. ജോസഫ് ചാക്കോ തോട്ടത്തിമ്യാലിൽ-നെ ഫൊറോനയിലെ മികച്ച കർഷകനായി ആദരിച്ചു. ഫൊറോന ഡയറക്ടർ ഫാ. ജെയ്സൺ നിരവത്ത്, രൂപത പ്രസിഡന്റ് ടോം ജെ. കല്ലറയ്ക്കൽ, ജനറൽ സെക്രട്ടറി ഡിഗോൾ കൊളംബേൽ, ഫൊറോന ജോ. സെക്രട്ടറി ബിന്ദു മാത്യു എന്നിവർ പ്രസംഗിച്ചു.

## *DFC 6/2025* രൂപത ഇലക്ഷൻ

2025-27 വർഷത്തേക്കുള്ള രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2025 ഫെബ്രുവരി 15 ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. എല്ലാ രൂപത, ഫൊറോന ഭാരവാഹികളും പങ്കെടുക്കണം.

*Co-ordinator*

# യുവദീപ്തി- K.C.Y.M.

### *YD 6/2025* കേരള യൂത്ത് കോൺഫറൻസ് (KYC)

കാലാനുസൃതമായ ചർച്ചകൾക്കും തീരുമാനങ്ങൾക്കുമായി വിപുലമായ ഒരു വേദി 2025 ജനുവരി 3,4,5 തീയതികളിൽ കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കേന്ദ്ര സഹമന്ത്രി ശ്രീ. ജോർജ് കുര്യൻ KYC ഉദ്ഘാടനം ചെയ്തു. കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ സമാപന സമ്മേളന ഉദ്ഘാടന കർമ്മം നിർവഹിച്ചു. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്, KCBC യൂത്ത് കമ്മീഷൻ ചെയർമാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ്, അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഇടുക്കി MP ശ്രീ. ഡീൻ കുര്യാക്കോസ്, മൂവാറ്റുപുഴ MLA ശ്രീ. മാത്യു കുഴൽനാടൻ തുടങ്ങിയവർ യുവജനങ്ങളുമായി സംവദിച്ചു. കേരളത്തിലെ 32 രൂപതകളിൽ നിന്നായി നൂറുകണക്കിന് യുവജന പ്രതിനിധികൾ പങ്കെടുത്ത കേരള യൂത്ത് കോൺഫറൻസിൽ സഭ, സാമുദായിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

### *YD 7/2025* ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം

മുൻ രൂപത സെക്രട്ടറിയായിരിക്കെ നമ്മളിൽ നിന്നും വേർപിരിഞ്ഞ ജിബിൻ കുന്നേൽ അനുസ്മരണാർത്ഥം നടത്തുന്ന രൂപതാതല ക്വിസ് മത്സരത്തിന്റെ ഫൊറോനാതല മത്സരങ്ങൾ ഫെബ്രുവരി 2 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് 14 ഫൊറോനകളിലായി നടത്തപ്പെടുന്നു.

### *YD 8/2025* കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ്

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 47-ാമത് സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം 2025 ഫെബ്രുവരി 7, 8, 9 തീയതികളിൽ പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ മുണ്ടൂർ യുവക്ഷേത്ര കോളേജിൽ വച്ച് നടത്തപ്പെടുന്നു.

*Director*

# ജീസസ് യൂത്ത്

*JY 4/2025* **CPG, HOUSEHOLD**

**& The Seraphic Stage Zonal Night Vigil**

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം
തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ
മൂവാറ്റുപുഴ : വ്യാഴാഴ്ചകളിൽ സെന്റ് അഗസ്റ്റിൻസ് സ്കൂൾ, മൂവാറ്റുപുഴ.

ഫെബ്രുവരി മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 2-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും നടത്തപ്പെടുന്നതാണ്.

ഫെബ്രുവരി മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 7-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 5/2025* **Growth Retreat**

ആത്മീയ ഉണർവേകാൻ സഹായമാകുന്ന രീതിയിൽ കോതമംഗലം ജീസസ് യൂത്ത് ലീഡേഴ്സിനായുള്ള Growth retreat ഫെബ്രുവരി 21-ാം തീയതി മുതൽ 23-ാം തീയതി വരെ നടത്തപ്പെടുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട 35 ഓളം നേതൃത്വങ്ങൾക്ക് പുത്തൻ ഊർജം പകരാൻ സഹായകമാകുന്ന രീതിയിലാണ് growth retreat തയ്യാറാക്കിയിരിക്കുന്നത്.

*JY 6/2025* **TOC**

ജീസസ് യൂത്ത് കോതമംഗലം ടീൻസ് ടീമിന്റെ ആഭിമുഖ്യത്തിൽ Teens Of Christ (TOC) one day പ്രോഗ്രാം മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ഫെബ്രുവരി 8-ാം തീയതി നടത്തപ്പെടുന്നതാണ്.

*Animator*

# അല്മായ ഫ്രാൻസിസ്കൻ സഭ

## *SFO 1/2025* SFO ആനിക്കാട് യൂണിറ്റ്

ക്രിസ്മസ്സിനോടനുബന്ധിച്ച് 25 ദിവസവും പള്ളിയിൽ വി. കുർബാനയിൽ സംബന്ധിച്ച 116 കുട്ടികൾക്ക് SFO (മൂന്നാംസഭ) ആനിക്കാട് യൂണിറ്റ് മെമൊന്റോകൾ നല്കി ആദരിച്ചു. വികാരി റവ. ഫാ. ജോസഫ് കോയിത്താനത്ത് കുട്ടികൾക്ക് മെമൊന്റോകൾ വിതരണം ചെയ്തു. അസി. വികാരി റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ, യൂണിറ്റ് മിനിസ്റ്റർ ബ്ര. ബെന്നി ചെറുപറമ്പിൽ, SFO മൂവാറ്റുപുഴ റീജിയൺ പ്രസിഡന്റ് ബ്ര. വിൻസെന്റ് വിതയത്തിൽ, യൂണിറ്റ് സെക്രട്ടറി സി. ബിന്ദു ജോയ് തിരുതാളിൽ, ബ്ര. ബേബി ഇമ്മാനുവൽ പുത്തൻപുരക്കൽ എന്നിവർ നേതൃത്വം കൊടുത്തു.

വി. കുർബാനയിൽ കുട്ടികൾ കാണിക്കുന്ന താത്പര്യം ഈശോയോടുള്ള ബഹുമാനവും ആദരവുമാണെന്ന് ബഹു. വികാരി ഫാ. ജോസഫ് കോയിത്താനത്ത് കുട്ടികളെ ഓർമിപ്പിച്ചു. ഈ ക്രിസ്മസ് സമ്മാനം നല്കിയ SFO യൂണിറ്റിനെ വികാരിയച്ചൻ അഭിനന്ദിച്ചു.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

## *PG 3/2025* ജൂബിലേവൂസ് 2026

KCSC കോതമംഗലം സോൺ ജൂബിലേവുസ് 2026 ഒരുക്ക പ്രാർത്ഥനയും, ജൂബിലി തിരിതെളിക്കലും, മാറിക സബ്സോണിൽ, മാറിക സെന്റ് ജോസഫ് ഫോറോന പള്ളിയിൽ, ജനുവരി 16-ാം തീയതി നടന്നു, ഇടവക വികാരി റവ. ഫാ. മാത്യു കോണിക്കൽ, തിരിതെളിച്ച് സന്ദേശം നൽകി, അസി. വികാരി, റവ. ഫാ. ജിനോ കല്ലറക്കൽ, സന്നിഹിതനായിരുന്നു, സോണൽ ആനിമേറ്റർ റവ. ഫാ. ആന്റണി

വിളയപ്പിള്ളിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സബ് സോണിലെ വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു.

*PG 4/2025* **സോണൽ ദിനാചരണം**

കേരള കത്തോലിക്കാസഭ കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സോണിന്റെ, സോണൽ ദിനാചരണം കാരക്കുന്നം സെന്റ് മേരീസ് പള്ളിയിൽ, ജനുവരി 28-ാം തീയതി ചൊവ്വാഴ്ച നടന്നു. സംസ്ഥാന ആനിമേറ്റർ റവ. ഫാ. ജോസഫ് താമരവെളി വചനസന്ദേശം നൽകി. സോണൽ ആനിമേറ്റർ ഫാ. ആന്റണി വിളയപ്പിള്ളിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സബ് സോണിലെ വിവിധ ഇടവകകളിൽ നിന്നുള്ള 250 ഓളം പേർ പങ്കെടുത്തു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 3/2025* **ബ്രദ: സേവ്യർ മുണ്ടത്താനത്ത് അനുസ്മരണം**

നിര്യാതനായ മുൻ സി സി പ്രസിഡന്റ് ബ്ര: സേവ്യർ മുണ്ടത്താനത്ത് അനുസ്മരണം, ജനുവരി 7 ചൊവ്വാഴ്ച്ച രാവിലെ 8.30 ന് ചിലവ് ക്രിസ്തുരാജാ ദൈവാലയത്തിൽ നടന്നു. വി.കുർബാനയും, ഒപ്പീസും, തുടർന്ന് അനുസ്മരണ യോഗവും നടന്നു.

സി സി ആത്മീയോപദേഷ്ടാവ് റവ. ഡോ. സ്റ്റാൻലി കുന്നേൽ ദിവ്യബലി അർപ്പിച്ചു, തുടർന്ന് സെമിത്തേരിയിൽ ഒപ്പീസും ചൊല്ലി. സിസി പ്രസിഡന്റ് ബ്ര: ബേബി ജോസഫ് തെക്കേച്ചെരുവിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചിലവ് കോൺഫറൻസ് ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോസഫ് താണിക്കൽ, സേവ്യർ ചേട്ടന്റെ നല്ല പ്രവർത്തനങ്ങളുടെ ഓർമ്മ പുതുക്കി. മുൻ സിസി പ്രസിഡന്റുമാരായിരുന്ന ബ്ര: പി ഐ ജോസഫ് പെരിയക്കോട്ടിൽ, ബ്ര: ഡോ. ജോൺസൺ വറുഗീസ് നെടുംപുറത്ത് എന്നിവർ അനുസ്മരണം നടത്തി. സി സി സെക്രട്ടറി ബ്ര: ജോസ് കുര്യൻ കൂനംപാറയിൽ കൃതജ്ഞതയും രേഖപ്പെടുത്തി.

## *SV 4/2025* ഓസാനം ഫെസ്റ്റ്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സംസ്ഥാന തലത്തിൽ നടത്തിയ മത്സരങ്ങളിൽ തുടർച്ചയായ മൂന്നാം വർഷവും കോതമംഗലം രൂപത കൗൺസിൽ അഥവാ സെൻട്രൽ കൗൺസിൽ (സി സി) ഒന്നാം സ്ഥാനവും ട്രോഫിയും കരസ്ഥമാക്കി. ജനുവരി 11 ശനിയാഴ്ച്ച എറണാകുളം സെന്റ് ആൽബർട്സ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന മത്സരങ്ങളിൽ, കേരളത്തിലെ വ്യത്യസ്ത റീത്തുകളിൽ ഉൾപ്പെട്ട 32 രൂപതകളിൽ നിന്നുള്ള 450 ൽ പരം മത്സരാർത്ഥികളോടൊപ്പം നമ്മുടെ മിടുക്കന്മാരും മിടുക്കികളുമായ 17 മത്സരാർത്ഥികൾ മാറ്റുരച്ചു. 97 പോയിന്റുകളോടെ ഹാട്രിക് നേടി, സിസിക്ക് അഭിമാനമായി. വിജയം നേടിയവരുടെ പേര്, വീട്ടുപേര്, ഇനം, വിഭാഗം കോൺഫറൻസ്, ഇടവക എന്നീ ക്രമത്തിൽ.

**ഒന്നാം സ്ഥാനം ലഭിച്ചവർ (3)**

1. ജിയ ബ്രിജിത് കോക്കണ്ടത്തിൽ, ക്വിസ്, യൂത്ത് നോൺ മെമ്പർ സെന്റ് ജോസഫ്, പാറപ്പുഴ.
2. അലൻ ബാബു മംഗലത്ത്, ക്വിസ്, യൂത്ത് മെമ്പർ സെന്റ് തെരേസ, കൊടുവേലി,
3. ആൻ മരിയ ബൈജു എടവരയിൽ, ഭക്തി ഗാനം, യൂത്ത് നോൺമെമ്പർ സെന്റ് ലിറ്റിൽ ഫ്ളവർ, നെടിയകാട്.

**രണ്ടാം സ്ഥാനം (4)**

1. നവീൻ സാനു കളപ്പുരകുടിയിൽ, ഭക്തി ഗാനം, ജൂനിയർ സെന്റ് തോമസ്, ആരക്കുഴ.

2 അരുൺ ജസ്റ്റിൻ അമ്പാട്ട്, പ്രസംഗം, യൂത്ത് മെമ്പർ സെന്റ് ജോർജ്, മലയിഞ്ചി.

3. ഐതന ലിസ് ഷിബു എടത്തുരുത്തേൽ, പ്രസംഗം, യൂത്ത് നോൺ മെമ്പർ സെന്റ് മേരീസ്, നെടിയശാല.
4. ജോയൽ കുര്യൻ തേക്കുംകാട്ടിൽ, ജലച്ഛായം, യൂത്ത് മെമ്പർ, സെന്റ് തോമസ്, ആരക്കുഴ.

**മൂന്നാം സ്ഥാനം (1)**

മരിയ ജോഷി ചങ്ങാലിക്കാവിൽ, പ്രസംഗം, ജൂണിയർ, സെന്റ് സെബാസ്റ്റ്യൻ, വടകോട്

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 3/2025* **പാലിയേറ്റീവ് ട്രെയിനിംഗ്**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട പാലിയേറ്റീവ് ടീം അംഗങ്ങൾക്കായുള്ള ട്രെയിനിംഗ് പ്രോഗ്രാം ഫെബ്രുവരി മാസം 7-ാം തീയതി രാവിലെ 10 മുതൽ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മുഴുവൻ ടീം അംഗങ്ങളും പങ്കെടുക്കണം.

*KLM 4/2025* **UTA ട്രെയിനിംഗ് പ്രോഗ്രാം**

കേരള ലേബർ മൂവ്മെന്റിന്റെ കീഴിലുള്ള വിവിധ തൊഴിലാളി ഫോറം ഭാരവാഹികൾക്കായി ഏകദിന നേതൃത്വ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 22-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3.00 വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും ട്രെയിനിംഗ് പ്രോഗ്രാം നടത്തുക.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**February 2025**

| | | |
|---|---|---|
| Janu. 31 - 2 | - | Pre Marriage Course |
| 4 | - | Presbyterium |
| 13 - 15 | - | Pre Marriage Course |
| 19 - 23 | - | Agape Retreat |
| 27 - 1 | - | Pre Marriage Course |

*Director*

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഡിസംബർ 2024**

25 • ക്രിസ്തുമസ് ദിനത്തിൽ കത്തീഡ്രൽ ദൈവാലയത്തിൽ പാതിരാ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

26 • വാഴക്കാല സെന്റ് മേരീസ് ദൈവാലയത്തിന്റെ നവീകരിച്ച അൾത്താരയുടെ പുനർകൂദാശ നടത്തി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

27 • കല്ലൂർക്കാട് ഇടവകയിൽ പുൽപറമ്പിൽ പി. കെ. ജോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• വാഴക്കുളം മിസ്പാ റിന്യൂവൽ സെന്ററിൽ നടന്ന യുവജന ധ്യാനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• KEEN -കൂട്ടായ്മയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

28 • തൊടുപുഴ വിജ്ഞാനമാതാ ഇടവകയിൽ ഡീക്കൻ ജോസഫ് കുഞ്ചറക്കാട്ടിന് പൗരോഹിത്യപട്ടം നൽകി.

• വേട്ടാമ്പാറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 • 2025 ജൂബിലി വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം കത്തീഡ്രൽ പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി നിർവഹിച്ചു.

• വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ 'HOME' ന്റെ സമാപന സമ്മേളനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

30 • നാടുകാണി ഇടവകയിൽ ഡീക്കൻ ജോസഫ് കാരക്കുന്നേലിന് പൗരോഹിത്യപട്ടം നൽകി.

• ആരക്കുഴ ഇടവകയിൽ ഞവരക്കാട്ട് ടോമി-ഷാന്റി ദമ്പതികളുടെ മകൻ ജോസഫിന്റെ വിവാഹം ആശീർവദിച്ചു.

- കത്തീഡ്രൽ ഇടവകയിൽ 'കത്തീഡ്രൽ ഹോംസ്' പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ ഹിച്ചു.
- കോതമംഗലം SH പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസ് മീറ്റിംഗിൽ സന്ദേശം നൽകി.

31 • നാകപ്പുഴ ഇടവകയിൽ MSJ സഭാംഗമായ ഡീക്കൻ ജോർജ്ജു കുട്ടി കിഴക്കേമാളിയേക്കലിന് പൗരോഹിത്യപട്ടം നൽകി.

**ജനുവരി 2025**

01 • മാന്നാനം ആശ്രമ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

02 • ഇഞ്ചത്തൊട്ടി ഇടവകയിൽ ഡീക്കൻ ജോർജ് മാതേക്കലിന് പൗരോഹിത്യപട്ടം നൽകി.

- മുതലക്കോടം ഇടവകയിൽ മഠത്തിക്കണ്ടത്തിൽ ജോൺ-ജെസ്സി ദമ്പതികളുടെ മകനായ ജിൻസിന്റെ വിവാഹം ആശീർവദിച്ചു.
- ആലക്കോട് പുതുതായി നിർമ്മിച്ച ഇൻഫന്റ് ജീസസ് എൽ. പി. സ്കൂളിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

03 • മീങ്കുന്നം ഇടവകയിൽ വിൻസെൻഷ്യൻ സഭാംഗമായ ഡീക്കൻ ജോർജ് കിഴക്കൻപുതുപ്പിള്ളിയിലിന് പൗരോഹിത്യപട്ടം നൽകി.

- മൂവാറ്റുപുഴ നിർമ്മല കോളേജിൽ വിജ്ഞാൻ പുരസ്കാര ദാന ത്തിൽ അദ്ധ്യക്ഷത വഹിച്ചു.
- വണ്ണപ്പുറം ഇടവകയിൽ പരേതയായ പറയ്ക്കനാൽ ഏലിക്കുട്ടി യുടെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.
- കോഴിപ്പിള്ളി എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ സി. ആൽ ബർട്ട് പറയന്നിലത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.
- മൂവാറ്റുപുഴ നെസ്റ്റിൽ KYC യുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെ ടുത്തു.

- ഇഞ്ചൂർ ഇടവകയിൽ പരേതയായ തെക്കേക്കൂറ്റ് അന്നക്കുട്ടി ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

04
- ആനിക്കാട് ഇടവകയിൽ ഫാ. ബിജു വടക്കേൽ സി.എം.ഐ. യുടെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനമദ്ധ്യേ സന്ദേശം നൽകി.
- മാറാടി ഇടവകയിൽ പൊട്ടയ്ക്കൽ സാജു-സോണിയ ദമ്പതികളുടെ മകൾ അനുജയുടെ വിവാഹവാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു.
- പള്ളിക്കാമുറി ഇടവകയിൽ എം.എസ്.ജെ. ജനറാൾ ഫാ. മാത്യു കുരീക്കാട്ടിലിന്റെ രജത ജൂബിലിക്ക് ആശംസകൾ നേർന്നു.
- വാഴക്കുളം ഇടവകയിൽ പരേതനായ കല്ലിങ്കൽ ജോർജ് ജെയിംസിന്റെ ഭവനത്തിൽ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

05
- നെസ്റ്റിൽ കേരള യൂത്ത് കോൺഫ്രൻസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- മുതലക്കോടം ഇടവകയിൽ ഡീക്കൻ ജോർജ് തൃക്കണ്ണശ്ശേരിക്ക് പൗരോഹിത്യപട്ടം നൽകി.

06-11
- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിനഡിൽ പങ്കെടുത്തു.

12
- കോതമംഗലം മൈനർ സെമിനാരിയിൽ New Priests' day-ൽ പങ്കെടുത്തു.
- ആരക്കുഴ ഇടവകയിൽ പിട്ടാപ്പിള്ളിൽ സോമി-ബിജു ദമ്പതികളുടെ മകൻ ജോർജിന്റെ വിവാഹം ആശീർവദിച്ചു.

13
- നെല്ലിമറ്റം ഇടവകയിൽ പരേതനായ ഇഞ്ചക്കൽ റാഫേൽ പൈലിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- കോടിക്കുളം ഇടവകയിൽ എലുവാലുങ്കൽ ആഷിക്-അനുമോൾ ദമ്പതികളുടെ കുട്ടികളായ ഇവലിൻ ലിസ് ആഷിക് & എൽനാ ലിസ് ആഷികിന്റെയും പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

14 • കോതമംഗലം മൈനർ സെമിനാരിയിൽ ടീച്ചേഴ്സ് ഡേയിൽ പങ്കെടുത്തു.

• നെടിയകാട് ഇടവകയിൽ പരേതനായ പി. ജെ. അവിരയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• മുതലക്കോടം ഇടവകയിൽ കൊച്ചുപറമ്പിൽ ജിസ്-രേഷ്മി ദമ്പതികളുടെ നാലാമത്തെ കുട്ടി ജോമിയാ ജിസിന്റെ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

• തൃക്കാരിയൂർ ഇടവകയിൽ പരേതനായ കല്യാടിക്കൽ ജോഷി ലൂക്കോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15-16 • വടവാതൂർ സെമിനാരിയിൽ സിനഡൽ കമ്മീഷൻ വിസിറ്റ് നടത്തി.

17 • ബിഷപ്പ്സ് ഹൗസിൽ രൂപത ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

• കത്തീഡ്രൽ പാരീഷ് ഹാളിൽ 'എന്റെ നാട്' ജനകീയ കൂട്ടായ്മയുടെ വിദ്യാഭ്യാസ പദ്ധതി ഉദ്ഘാടനം ചെയ്തു.

18 • പാലാരിവട്ടം POC യിൽ കത്തോലിക്കാ കോൺഗ്രസിന്റെ ലീഡേഴ്സ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

• മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂളിൽ കേരള ലേബർ മൂവ്മെന്റ് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

• തൊടുപുഴ ഇടവകയിൽ മുണ്ടക്കാട്ട് എം. എം. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• പുറപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് ഇടവക ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

19 • നാടുകാണി ഇടവകയിൽ കല്യാടിക്കൽ കെ.എസ്. ജോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

20 • മുതലക്കോടം ഇടവകയിൽ പരേതനായ ഞാറക്കുളം വി. ജോണിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• കരിമണ്ണൂർ ഇടവകയിൽ രാമനാട്ട് ആർ.സി. മത്തായിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• കടയിനിക്കാട് ഇടവകയിൽ കൊണ്ടോടിക്കൽ ബാബു-ആനി ദമ്പതികളുടെ മകൻ അലന്റെ വിവാഹം ആശീർവദിച്ചു.

21 • മാതിരപ്പിള്ളി ഇടവകയിൽ പരേതയായ വറങ്ങലക്കുടി മാർഗരറ്റ് ചാക്കോയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• കരിമണ്ണൂർ ഇടവകയിൽ പരേതനായ അത്തിക്കൽ വർഗീസ് മത്തായിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• മുളന്തുരുത്തി മലങ്കര യാക്കോബിറ്റ് സെമിനാരിയിൽ സഭൈക്യ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

22 • മൂവാറ്റുപുഴ നെസ്റ്റിൽ SABS ജനറൽ റിന്യൂവൽ സിനാക്സിസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• ചുങ്കം ഇടവകയിൽ പരേതനായ പുളിമൂട്ടിൽ ഔസേപ്പ് ജോണിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• മാറിക SABS മഠത്തിൽ പരേതയായ സി. എലിസബത്ത് ചക്കുങ്കലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

23 • അയിരൂർപ്പാടം CSN മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• അയിരൂർപ്പാടം നവീകരിച്ച ജോഹനൈൻ വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പ്കർമ്മം നടത്തി.

• കാക്കനാട് മൗണ്ട് സെന്റ് തോമസിൽ എറണാകുളം-അങ്കമാലി പ്രൊവിൻഷ്യൽ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

- ഏഴല്ലൂർ സെന്റ് സെബാസ്റ്റ്യൻ ഇടവകയുടെ ശതാബ്ദി ആഘോഷത്തിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.
- കടവൂർ ഇടവകയിൽ കാട്രുകുടിയിൽ റ്റി. എ. ജേക്കബിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

# Bishop's Engagements

## February 2025

| | | | |
|---|---|---|---|
| 01 | Sat | Requiem Mass<br>Fr. George Mundackal | Cathedral |
| | | Baptism | Oonnukal |
| 02 | Sun | Holy Mass | Vazhakulam |
| 04 | Tue | Presbyterium | NESTT |
| 06 | Thu | Requiem Mass<br>Mar Mathew Pothanamuzhi | Cathedral |
| | | Holy Mass | Chengalam |
| 07 | Fri | Holy Mass | Vazhakulam |
| 08 | Sat | Vestition SD | Kothamangalam |
| 09 | Sun | Pastoral Visit | Vandamattam |
| 10 | Mon | Holy Mass | Kalloorkad |
| 11 | Tue | Holy Mass | FCC Novitiate House |
| 13-14 | Thu-Fri | Regional Recollection | Vijayapuram |
| 15 | Sat | Baptism | Pannimattam |
| | | Blessing<br>OFM Ashram | Mailacombu |
| 16 | Sun | Pastoral Visit | Ambikapuram |
| 17 | Mon | Baptism | Kalayanthani |
| | | Blessing- SH Convent | Mailacombu |
| 22 | Sat | Marriage | Kalayanthani |
| | | Retirement Gathering | VJCET |
| 28 | Fri | Jubilee | Nellimattam |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ | ചരമദിനം | 03-03-2016 |
| ഫാ. തോമസ് ചെമ്പരത്തി | ” | 03-03-1974 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | ” | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | ” | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | ” | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | ” | 11-03-2000 |
| മോൺ. മാത്യു പാലമറ്റം | ” | 15-03-2016 |
| ഫാ. ജോസഫ് പുന്നയ്ക്കപടവിൽ | ” | 17-03-2019 |
| ഫാ. ജോർജ് മലേപറമ്പിൽ | ” | 21-03-2022 |
| ഫാ. ജോസഫ് മൂലേക്കുടി | ” | 22-03-1972 |

# നിര്യാതരായി

## സി. ആൽബർട്ട് പറയന്നിലം SD



ഇടവക - കരിമണ്ണൂർ
ജനനം - 01-02-1963
ആദ്യവ്രതം - 06-01-1957
നിത്യവ്രതം - 05-05-1962
മരണം - 01-01-2025
മൃതസംസ്കാരം - 03-01-2025 (കോഴിപ്പിള്ളി)

## സി. എലിസബത്ത് ചക്കുങ്കൽ SABS



ഇടവക - മൈലക്കൊമ്പ്
ജനനം - 12-01-1948
ആദ്യവ്രതം - 24-04-1970
നിത്യവ്രതം - 06-05-1978
മരണം - 21-01-2025
മൃതസംസ്കാരം - 22-01-2025 (മാറിക)



# നവീകരിച്ച അയിരൂർപ്പാടം വൈദികമന്ദിരം അഭിവന്ദ്യ പിതാവ് ആശീർവദിച്ചു





**FCC Nirmala Province**
Sr. Josin (Finance Officer), Sr. Lilly Therese (Secretary), Sr. Deepthi Rose (Councillor),
Sr. Rani (Asst. Provincial Superior)
Sr. Tessy Clare (Councillor), Sr. Merlin (Provincial Superior), Sr. Anto (Councillor)



**SABS St. Mary's Province Kothamangalam**
Mother Merly Thengumpillil (Provincial Superior)
Sr. Theresa Nadupadavil (Vicar Provincial)
Sr. Philamine Thekkummattathil (2nd Councillor),
Sr. Anit Kochupurackal (3rd Councillor)
Sr. Celine Vattackatt (4th Councillor), Sr. Tessy Chettaniyil (5th Councillor)
Sr. Tessy Madathikunnel (Finance Officer), Sr. Caroline Thekkepalakuzhiyil (Secretary)



**SH Jyothi Province Kothamangalam**

Provincial Superior :- Rev. Sr Lissy Mathew Thekkekuttu SH
Vicar Provincial & Social Welfare Activities : Sr Suja Malekudy SH
Evangelization: Sr Tessy Porunnedath SH
Charitative Activities : Sr Sholly Francis Thattarukunnel SH
Education: Sr Regin Maria Chittadiyil SH
5. Provincial Auditor: Sr Rose Manuel Kakkamparambil SH
Provincial Procurator: Sr Mary Elavumkunnel SH



**CMC Pavanathma Province Kothamangalam**

Provincial Superior - Mother Merina
Vicar Provincial - Sr.Glory
Councillor - Sr.Sophy, Sr.Celina, Sr.Joslin, Sr.Clarelet

Deivarajyam
February 2025

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/02/2025
Posted at Thodupuzha Stg.
Annual Subscription ₹500

EPARCHY OF KOTHAMANGALAM

To have life in abundance

ESTD 1956

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

## മാർപാപ്പയുടെ നിയോഗങ്ങളോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം

### പൗരോഹിത്യ സന്ന്യാസ ദൈവവിളികൾക്കുവേണ്ടി

**പൗരോഹിത്യത്തിലൂടെയും സന്ന്യാസത്തിലൂടെയും ക്രിസ്തുവിന്റെ ദൗത്യത്തെ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന യുവതി യുവാക്കളുടെ ആഗ്രഹങ്ങളെയും സംശയങ്ങളെയും സഭാ സമൂഹം സ്വാഗതം ചെയ്യുന്നതിന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.**